പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3655 — 20.6.2018 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതാശ്വാസ വില്ലേജ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതാശ്വാസ വില്ലേജ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) ഈ പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) & (ബി) ഇല്ല. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ ഒരു പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനായി ഹാബിറ്റാറ്റ് ഗ്രൂപ്പ് സമർപ്പിച്ച 25 കോടി രൂപയുടെ പ്രോജക്ട് സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രോജക്ടിനായി ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിരുന്നില്ല.<br><br>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ധ ആരോഗ്യ പരിപാലനം, ഷോർട്ട് സ്റ്റേ, മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും പ്രവർത്തനാനുമതിയും നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 5 കോടി രൂപ പ്രഭാകരൻ കമ്മീഷൻ പാക്കേജിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർക്ക് അനുവദിച്ചിരുന്നു. പ്രസ്തുത 5 കോടി ചെലവഴിക്കുന്നതിന് 25.10.2017 ലെ സ.ഉ(സാധാ)നം. 708/17/സാ.നീ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| | കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്ന ടി പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6.5.2018 ലെ സ.ഉ(സാധാ) നം.261/2018/സാ.നീ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ